# ഹജ്ജ്

## ചേകനൂരികൾ മറുപടി പറയുമോ?

### അബ്ദുൽ മാലിക് മൊറയൂർ

പിശാച് പഠിപ്പിച്ച 'ഹജ്ജി'ന്റെ രൂപം വിവരിക്കുന്ന 'ക്വുർആനിൽ ഹജ്ജിനുള്ള സ്ഥാനവും രൂപവും' എന്ന ക്ഷുദ്രകൃതിയാണ് 'ഹജ്ജി'ന്റെ വിഷയത്തിൽ ചേകന്നൂരികളുടെ വേദഗ്രന്ഥം. അതിൽ അല്ലാഹുവിന്റെ ക്വുർആനിനെ കുറിച്ച് ഇല്ലാത്ത നിരവധി ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ക്വുർആൻ മത്രം മതി എന്ന് പറയുകയും ക്വുർആനിനെയും ഹദീഥിനെയും ഒരുപോലെ തള്ളുകയും ചെയ്യുന്ന ഇവരോട് ക്വുർആനിന്റെ അനുയായികളായ ഞങ്ങൾക്ക് ആ ക്ഷുദ്രകൃതി മുന്നിൽ വെച്ച് ചില ചോദ്യങ്ങൾ ഉന്നയിക്കാനുണ്ട്.

1) ഇസ്‌ലാം കാര്യങ്ങൾ പത്തെണ്ണമുണ്ടെന്നും, അതിൽ പത്താമത്തേതാണ് ഹജ്ജ് എന്നും ചേകനൂർ എഴുതി.*(ക്വുർആനിൽ ഹജ്ജിനുള്ള സ്ഥാനവും രൂപവും. പേ: 13)* ക്വുർആനിലെ ഏതായത്തിലാണ് ഇസ്‌ലാം കാര്യങ്ങൾ പത്തെണ്ണമാണെന്നും അതിലവസാനത്തേതാണ് ഹജ്ജ് എന്നുമുള്ളത്?

2) നബിതിരുമേനിയോട് തന്റെ 52-ാ മത്തെ വയസ്സിലാണ് ഹജ്ജ് ചെയ്യാൻ അല്ലാഹു കൽപിച്ചത്'' *(പേ: 13)* എങ്കിൽ 52-ാം വയസ്സിൽ ഹജ്ജ് ചെയ്യാൻ കൽപിച്ച അല്ലാഹുവിന്റെ കൽപന ക്വുർആനിൽ കാണിക്കാമോ?

3) ''ഹജ്ജിന്റെ പ്രഥമവും പ്രധാനവുമായ നേട്ടം കച്ചവട മേളയാണെന്ന്'' ക്വുർആനിലുണ്ടെന്ന് ചേകനൂർ തട്ടിവിടുന്നു. *(പേ: 17)* ഹജ്ജിന്റെ ലക്ഷ്യം കച്ചവട മേളയാണെന്ന് പറയുന്ന ആയത്തേതാണ്?

4) ''ഹജ്ജിനെ നിഷേധിക്കൽ പാപമല്ലെന്ന് 3:97ലുണ്ടെന്ന് അയാൾ ക്വുർആനിന്റെ പേരിൽ ആരോപിക്കുന്നു.'' *(പേ: 21)* പ്രസ്തുത ആയത്തിൽ ചേകനൂർ എഴുതിയതുപോലെയൊരു സംഗതി കാണിക്കാമോ?

5) ''ഒരു നാട്ടിലെ അവശത തീർക്കാനാവശ്യമായ തുക എത്രയാണോ അത്രയും തുക അവിടത്തെ ധനാഢ്യരുടെ ധന മിച്ചത്തിൽ നിന്നും സക്കാത്തായി നൽകണമെന്നതാണ് ക്വുർആനിന്റെ നിയമം'' *(പേ: 27)* ക്വുർആനിന്റെ നിയമമാണെങ്കിൽ അത് ക്വുർആനിലുണ്ടാവണമല്ലോ. എങ്കിൽ ഏതായത്തിലാണ് ഇങ്ങനെയാണ് സകാത്ത് നൽകേണ്ടതെന്ന നിർദ്ദേശമുള്ളത്?

6) ''ദുആക്ക് ഉത്തരം കിട്ടുന്ന ഒറ്റസ്ഥലവും ഹജ്ജ് മേഖലയിലില്ല എന്ന് ക്വുർആൻ പറയുന്നു.'' *(പേ: 33)* ദുആക്കുത്തരം കിട്ടുന്ന സ്ഥലം ഹജ്ജിന്റെ മേഖലയിലില്ല എന്ന് അല്ലാഹു പറഞ്ഞതായി ക്വുർആനിൽ കാണിക്കാമോ?

7) ‘‘പണച്ചെലവുള്ള ഹജ്ജ് യാത്രക്ക് സമ്പന്ന രാഷ്ട്രങ്ങളിലുള്ള ധനികന്മാരല്ലാതെ മറ്റാരും തയ്യാറാവണമെന്ന നിയമം ക്വുർആനിലില്ല’’ *(പേ: 39)* സമ്പന്ന രാഷ്ട്രങ്ങളിലെ സമ്പന്നർക്കുമാത്രമേ ഹജ്ജുള്ളൂ എന്ന് പഠിപ്പിക്കുന്ന ആയത്ത് ഏതാണ് ?

8) ‘‘ജീവിതത്തിലൊരിക്കൽ ഒരു ഹജ്ജ് നിർവഹിക്കണമെന്നാണ് ക്വുർആനിന്റെ കൽപന’’ *(പേ: 43)* ജീവിതത്തിൽ ഒരു ഹജ്ജ് മാത്രമാണുള്ളത് എന്ന് അല്ലാഹു പറഞ്ഞതായി ക്വുർആനിൽ നിന്ന് തെളിയിക്കാമോ?

9) ‘‘നബി ജീവിതത്തിലാകെ നിർവ്വഹിച്ചത് ഒരേ ഒരു ഹജ്ജ് മാത്രമാണല്ലോ’’ *(പേ: 83)* നബി(സ) ഒരു ഹജ്ജ് മാത്രമേ ചെയ്തിട്ടുള്ളൂവെന്ന് പറയുന്ന ആയത്തെവിടെ?

10) ‘‘ശവ്വാൽ, ദുൽകഅദ്, ദുൽഹജ്ജ് എന്നിവ ഹജ്ജിന്റെ മീഖാത്തായ മസങ്ങളാവുന്നു.’’*(പേ: 90)* വെന്ന് ചേകനൂർ തട്ടിമൂളിക്കുന്നു. ഈ മൂന്ന് മാസങ്ങളാണ് ഹജ്ജിന്റെ മാസങ്ങളെന്ന് പറയുന്ന ആയത്ത് ക്വുർആനിൽ നിന്ന് ഉദ്ധരിക്കാമോ?

11) ‘‘ഹജ്ജ് മാസങ്ങളിൽ ആദ്യമാസം ശവ്വാലാണെന്നും അയാൾ പറയുന്നു. *(പേ: 90)* ശവ്വാൽ എന്ന മാസത്തിന്റെ നാമം ക്വുർആനിൽ കാണിക്കമോ? അത് ഹജ്ജിന്റെ ആദ്യ മാസമാണെന്ന് പറയുന്ന ആയത്ത് ഉദ്ധരിക്കാമോ?

12) ഹജ്ജ് കർമ്മമാരംഭിക്കേണ്ടത് മസ്ജിദുൽ ഹറാമിൽ നിന്നാണെന്ന് അയാൾ പറയുന്നു. *(പേ: 90)* ഇങ്ങനെയൊരായത്ത് അല്ലാഹുവിന്റെ ക്വുർആനിലുണ്ടോ?

13) ‘‘തുടർന്ന് ഹജ്ജ് കർമ്മത്തിന്റെ പ്രധാനഘടകമായി ക്വുർആൻ സൂചിപ്പിച്ച ദിക്റുല്ലാഹിയിൽ പെട്ട മൊഴികൾ ചൊല്ലുക. അക്കൂട്ടത്തിൽ സാധാരണ ചൊല്ലിവരാറുള്ള ‘‘തൽബിയത്തും’’ ആവർത്തിക്കാവുന്നതാണ്.... തൽസംബന്ധമായ പ്രത്യേക നിർദ്ദേശങ്ങളൊന്നും ക്വുർആനിലില്ലാത്തത് കൊണ്ട് തന്നെ *(പേ: 91)* ഇഹ്റാമിന് ശേഷം തൽബിയ്യിത്ത് ചൊല്ലാം എന്ന് പറയുന്ന നിർദ്ദേശം ക്വുർആനിൽ കാണിക്കാമോ? തൽസംബന്ധമായ പ്രത്യേക നിർദ്ദേശങ്ങളൊന്നും ക്വുർആനിലില്ല എന്ന് സമ്മതിച്ചതിലൂടെ എല്ലാം ക്വുർആനിലുണ്ടെന്ന നിങ്ങളുടെ വാദം പൊളിഞ്ഞില്ലേ?

14) ഹജ്ജിന്റെ പ്രാരംഭം ത്വവാഫാണ് *(പേ: 92)* ഹജ്ജിൽ ആദ്യം ചെയ്യേണ്ടത് ത്വവാഫാണെന്ന് പറയുന്ന ആയത്തേതാണ് ?

15) ത്വവാഫിന് ശേഷം അറഫയിൽ സംബന്ധിക്കണമെന്ന് ക്വുർആൻ പറയുന്നുവെന്ന് ചേകനൂർ തട്ടിവിടുന്നു *(പേ: 96)* ത്വവാഫിന് ശേഷം അറഫയിലേക്ക് പോവണമെന്ന് പറയുന്ന ഒരായത്ത് ക്വുർആനിൽ കാണിക്കാമോ?

16) ‘‘മശ്അറുൽ ഹറാം എന്നാൽ മുസ്ദലിഫയാണെന്ന് ചേകനൂർ പറയുന്നു.*(പേ: 97)* ഏതായത്തിലാണ് അതുള്ളത്? മുസ്ദലിഫ എന്ന നാമം തന്നെ ക്വുർആനിലില്ല എന്നിരിക്കെ എന്തടിസ്ഥാനത്തിലാണയാൾ അത് പറയുന്നത്? അപ്പോൾ ക്വുർആനിലില്ലാത്തതും മതത്തിൽ അംഗീകരിക്കാം എന്ന് നിങ്ങളും സമ്മതിച്ചില്ലേ?

17) മിനായിൽ വെച്ച് പെരുന്നാൾ നമസ്കാരം നിർവ്വഹിക്കാൻ ക്വു 108:2 ൽ അല്ലാഹു കൽപിക്കുന്നു എന്ന് ചേകനൂർ പറയുന്നു *(പേ: 101)* മിനായിൽ വച്ച് പെരുന്നാൾ നമസ്കരിക്കണ

മെന്ന് അല്ലാഹു പറഞ്ഞതായി ക്വുർആനിൽ നിന്ന് തെളിയിക്കാമോ ? പെരുന്നാൾ നമസ്കാരം (സ്വലാത്തുൽ ഈദ്) നിർവ്വഹിക്കാൻ ക്വുർആനിലെ ഏതായത്തിലാണ് ഉള്ളത്?

'സ്വലാത്തുൽ ഈദ്' എന്ന പേരിലൊരു നമസ്കാരം ക്വുർആനിലില്ലെന്നിരിക്കെ ക്വുർആനിലി ല്ലാത്ത ഒരു നമസ്കാരത്തെയല്ലേ നിങ്ങൾ അംഗീകരിച്ചത്? എല്ലാം ക്വുർആനിലുണ്ടെന്ന വാദം ഇനിയെങ്കിലും നിങ്ങൾക്ക് തോട്ടിലെറിഞ്ഞുകൂടേ?

18) പെരുന്നാൾ ദിവസം നമസ്കാരാനന്തരം താടിയും തല മുടിയും മുറിക്കുകയോ വെട്ടു കയോ ചെയ്യണം *(പേ: 111,112)* ക്വുർആനിലെ ഏത് ആയത്തിലാണ് ഇങ്ങനെയൊരു സംഗതി പഠിപ്പിക്കുന്നത് ?

19) ''ഹജ്ജിന്റെ അവസാന കർമ്മം ത്വവാഫാണെന്നും അതിന് ത്വവാഫുൽ ഇഫാളത്ത് എന്നാണ് പേര് എന്നും അത് ക്വുർആൻ 22:29ൽ നിർദ്ദേശിച്ചതാണ് എന്നുമെല്ലാം അയാൾ വെടിപൊട്ടിക്കുന്നു *(പേ: 112)* ക്വുർആൻ 22:29ൽ ത്വവാഫുൽ ഇഫാളത്ത് എന്ന പദം കാണി ക്കാമോ? ഹജ്ജിലെ അവസാന കർമ്മം ത്വവാഫാണെന്ന് പറയുന്ന ഒരായത്ത് ക്വുർആനിൽ കാണിക്കാമോ?

20) ''മൂന്ന് ദിവസമാണ് പെരുന്നാൾ ആഘോഷിക്കേണ്ടത്'' എന്ന് ചേകനൂർ പറയുന്നു. *(പേ: 112)* ഏതായത്തിലാണ് മൂന്ന് ദിവസം പെരുന്നാളാഘോഷിക്കാനുള്ള നിർദ്ദേശമുള്ളത്? പെരു ന്നാളാഘോഷിക്കാൻ ക്വുർആനിൽ നിർദ്ദേശമുണ്ടെങ്കിൽ എങ്ങിനെ ആഘോഷിക്കണമെന്നും ഉണ്ടാവുമല്ലോ? ഇല്ലെങ്കിൽ നിങ്ങളുടെ വാദം തകരില്ലെ? അതിനാൽ പെരുന്നാളാഘോഷ ത്തിന്റെ നിബന്ധനകളെ കുറിച്ച് ക്വുർആൻ പഠിപ്പിക്കുന്ന കാര്യങ്ങൾ തെളിവു സഹിതം വിവ രിക്കാമോ? ഇനി, ഇതൊന്നും ക്വുർആനിലുണ്ടാവില്ല എന്നതാണ് മറുപടിയെങ്കിൽ നിങ്ങൾക്ക് പിശാചിന്റെ മതത്തിൽനിന്ന് പടച്ചവന്റെ മതത്തിലേക്ക് വന്നുകൂടേ?